കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ഥലപരിമിതിയുള്ളതും അടിസ്ഥാന സൗകര്യവികസനം ആവശ്യമായതുമായ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ-യജ്ഞത്തിന്റെയോ, മറ്റ് ഏതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്) നം. 104/2019/തസ്വഭവ     തിരുവനന്തപുരം, തീയതി, 08.08.2019

---

പരാമർശം :- 1. സ.ഉ(എം.എസ്) നം.32/2018/തസ്വഭവ തീയതി. 09.03.2018

2. സ.ഉ (ആർ.റ്റി) നം1111/2018/തസ്വഭവ തീയതി. 18.04.2018

## ഉത്തരവ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ, പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിദ്യാഭ്യാസവകുപ്പിലെ എ.ഇ.ഒ/ ഡി.ഇ.ഒ എന്നിവർ അടങ്ങിയ കമ്മിറ്റിക്ക് രൂപം നൽകിയും അവയുടെ നിലവിലെ മൂല്യം എഴുതിത്തള്ളുന്നതിന് തദ്ദേശസ്ഥാപനത്തിന് അനുമതി നൽകിയും പരാമർശം1,2 പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2) സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് 03/01/2019 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയുണ്ടായി. അധികം പഴക്കം ചെന്നിട്ടില്ലാത്ത ഫിറ്റ് ആയ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്നും എന്നാൽ നിലവിലുള്ള പല സ്കൂൾ കെട്ടിടങ്ങളും ഭാവിയിലെ അടിസ്ഥാന സൗകര്യവികസനം മുന്നിൽ കാണാതെ നിർമ്മിച്ചവ ആയതിനാൽ കൂടുതൽ കുട്ടികൾ സ്കൂളിൽ ചേരുകയോ പുതിയ ക്ലാസ് മുറികൾ ആവശ്യമായി വരികയോ ചെയ്യുമ്പോൾ സ്ഥലപരിമിതിയുള്ള സ്കൂളുകളിൽ ബഹുനില കെട്ടിടങ്ങൾക്കാവശ്യമായ അടിസ്ഥാനം ഇല്ലാത്ത സാഹചര്യത്തിൽ കെട്ടിടത്തിന്റെ പഴക്കം നോക്കാതെ പൊളിച്ച് മാറ്റി പുതിയവ നിർമ്മിക്കേണ്ടി വരുമെന്ന് യോഗം വിലയിരുത്തിയിരുന്നു. സ്ഥല പരിമിതിയുള്ള സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായോ മറ്റ് ഏതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ പൊളിച്ചു മാറ്റി പുതിയവ നിർമ്മിക്കേണ്ടതാണെന്നും, സ്കൂൾ കെട്ടിടങ്ങൾക്കുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ വിശദമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്നും (ഗ്രൗണ്ട് ഫ്ലോർ + 2) ആവശ്യത്തിന് ടോയ് ലെറ്റുകൾ, കുടിവെള്ളം, മാലിന്യ സംസ്കരണം, സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നും ടി യോഗത്തിൽ തീരുമാനിച്ചിരുന്നു.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. സ്ഥലപരിമിതിയുള്ളതും അടിസ്ഥാന സൗകര്യവികസനം ആവശ്യമായതുമായ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ-യജ്ഞത്തിന്റെയോ, മറ്റ് ഏതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്കൂൾ

കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി കെ ജോസ്**
അഡിഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.സി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർ പേഴ്സൻമാർക്കും/ സെക്രട്ടറിമാർക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് ( 18/07/2019 ലെ DEV-3/68/2018-Fin പ്രകാരം)
പ്ലാനിംഗ് വകുപ്പ്(CPMU-4/41/2019-PLGEA തീയതി 10.05.2019 പ്രകാരം)
പൊതു വിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്